പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 4579 — 18.05. 2017 ൽ മറുപടിക്ക്

**വൈദ്യുത ബോർഡിന്റെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കൃഷ്ണൻ<br>" പി.ടി.എ.റഹീം<br>"കെ.വി.വിജയദാസ്<br>"പി.വി.അൻവർ | ശ്രീ.എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) കേരള സംസ്ഥാന വൈദ്യുത ബോർഡിന്റെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;<br><br>(ബി) ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വൈദ്യുതി ബോർഡിന്റെ കാര്യക്ഷമതയുടെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;<br><br>(സി) വൈദ്യുതി മേഖലയെ വിഭജിക്കാനും സ്വകാര്യവത്കരിക്കാനുമുള്ള കേന്ദ്ര സർക്കാർ നടപടികൾ ഈ രംഗത്ത് കടുത്ത പ്രതിസന്ധി | (എ) (ബി) (സി) & (ഡി)<br><br>സാങ്കേതിക-വാണിജ്യ സഞ്ചിത നഷ്ടം (AT&C loss) മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ വൈദ്യുതി ബോർഡ് നടപ്പാക്കി വരുന്നു. ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുക, പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുക എന്നിവ ലക്ഷ്യമാക്കി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷാ ഫോറം ലളിതമാക്കുകയും കണക്ഷനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്തു.<br><br>വിതരണ ശൃംഖല സുരക്ഷിതമാക്കുക, വിതരണ നഷ്ടം കുറയ്ക്കുക എന്നിവയ്ക്കായി പുതിയ 11 കെ.വി.എൽ. റ്റി ലൈനുകൾ എന്നിവ നിർമ്മിക്കുക, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, നിലവിലുള്ള സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ആക്കി മാറ്റുക, നിലവിലുള്ള കമ്പികൾ മാറ്റി കൂടുതൽ ശേഷിയുള്ള കമ്പികൾ പകരമായി സ്ഥാപിക്കുക എന്നീ പ്രവൃത്തികൾ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി ചെയ്തുവരുന്നു.. കൂടാതെ എല്ലാ ഫാൾട്ടി മീറ്ററുകളും മെക്കാനിക്കൽ മീറ്ററുകളും മാറ്റി സ്ഥാപിക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുന്നതിനായി സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ആവിഷ്കരിക്കുകയും ടി പദ്ധതിയിൽ ഉൾപ്പെടുത്തി |

| | |
|---|---|
| സൃഷ്ടിച്ചതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br>(ഡി) ലാഭേച്ഛ എന്നതില്ലപരി സാമൂഹ്യ വികസനത്തിനുള്ള പശ്ചാത്തല സൗകര്യമായി കണക്കാക്കി വൈദ്യുതി ബോർഡിനെ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ബി.പി.എൽ. വിഭാഗങ്ങൾക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുകയും കൂടാതെ വയറിംഗ് ചെയ്യാൻ ശേഷിയില്ലാത്ത വീട്ടുകൾക്ക് സൗജന്യമായി വയറിംഗ് പൂർത്തിയാക്കി കണക്ഷൻ നൽകുന്നതിനുള്ള സംവിധാനങ്ങൾക്ക് കെ.എസ്.ഇ.ബി.എൽ. നേതൃത്വം നൽകുകയും ചെയ്തിട്ടുണ്ട്.<br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് വേണ്ടി വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ താഴെ പറയുന്ന സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടിണ്ട്.<br>1. കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനങ്ങളിലൂടെ വൈദ്യുതി വിതരണ ശൃംഖല നവീകരിക്കുന്ന തിനുള്ള പദ്ധതിയായ ആർ.എ.പി.ഡി.ആർ.പി പദ്ധതിയുടെ പാർട്ട്-എ-യുടെ ഭാഗമായിട്ടുള്ള ഐ.ടി ഇംപ്ലിമെന്റേഷൻ മുഖേന ബോർഡിലെ എല്ലാ ഓഫീസുകളെയും ബന്ധിപ്പിച്ച നെറ്റ്വർക്കിംഗ്, വിതരണ മേഖലയിലെ നവീകരണം ലക്ഷ്യമാക്കി കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കാൻ വേണ്ടിയുള്ള ഡാറ്റാ സെന്റർ, ഊർജ്ജ ഓഡിറ്റിംഗ്, വിവിധ തലങ്ങളിൽ മെച്ചപ്പെട്ട തീരുമാനങ്ങളെടുക്കുവാൻ സഹായകരമായ സംവിധാനം (മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം), ജി.ഐ.എസ് അടിസ്ഥാന പ്പെടുത്തി ഉപഭോക്താക്കളെ അടയാളപ്പെടുത്തി ആസ്തി തിട്ടപ്പെടുത്തൽ തുടങ്ങിയവ നടപ്പിലാക്കി വരുന്നു.<br>2. മാനവശേഷി വിഭാഗത്തിന്റെ കമ്പ്യൂട്ടർവൽക്കരണം ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് സിസ്റ്റം മുഖേന നടപ്പിലാക്കി.<br>3. എല്ലാ വൈദ്യുതി ഉപഭോക്താക്കൾക്കും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഔദ്യോഗിക വെബ്സൈറ്റ് ആയ www.kseb.in മുഖേന പ്രമുഖ ബാങ്കുകൾ വഴി നെറ്റ്ബാങ്കിങ്ങി ലൂടെയും, വിസാ / |

| | |
|---|---|
| | മാസ്റ്റർ കാർഡ് തുടങ്ങിയ ഡെബിറ്റ് / ക്രെഡിറ്റ് കാർഡുകൾ മുഖേനയും ഇന്റർനെറ്റ വഴി വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.<br>4. മെറ്റീരിയൽസ് മാനേജ്മെന്റ് വിഭാഗത്തിന്റെ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കി.<br>5. ഉപഭോക്താക്കൾക്ക് സംശയനിവാരണത്തിനും പരാതികൾ പരിഹരിക്കുന്നതിനും ഉള്ള സേവനം, ആർ.എ.പി.ഡി.ആർ.പി പദ്ധതിയുടെ ഭാഗമായി വൈദ്യുതി ബോർഡ് ആരംഭിച്ചിട്ടുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന കസ്റ്റമർ കെയർ സെന്റർ വഴി നൽകി വരുന്നു. 1912 അഥവാ 0471 2555544 എന്ന ടെലഫോൺ നമ്പർ വഴിയും ഇ-മെയിൽ വഴിയും ഈ വിഭാഗവുമായിബന്ധപ്പെടാൻ കഴിയും.<br>6. ഇ-ടെണ്ടർ സംവിധാനം മുഖേന 25 ലക്ഷം വരെയുള്ള ടെണ്ടർ നടപടികൾ കമ്പ്യൂട്ടർവൽക്കരിച്ചു.<br>7. ഓഫീസുകളുടെ പ്രവർത്തനം നവീകരിക്കുന്നതിനു വേണ്ടി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തി വരുന്നു. തുടക്കമെന്ന നിലയിൽ ചീഫ് എഞ്ചിനീയർ ട്രാൻസ് മിഷൻ (നോർത്ത്), കോഴിക്കോട് ഓഫീസിൽ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തി.<br>8. വൈദ്യുതിബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്. മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന 'ഊർജ്ജ സൗഹൃദ' പദ്ധതി നടപ്പിലാക്കി.<br>9. വൈദ്യുതി തടസ്സം സംബന്ധിച്ച വിവരങ്ങൾ |

| | |
|---|---|
| | ഉപഭോക്താക്കളിൽ എസ്.എം,എസ്. മുഖേന എത്തിക്കുന്ന 'ഊർജ്ജ ദൂത്' പദ്ധതി നടപ്പിലാക്കി.<br>10. സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (പി.ഡി.എ) സംസ്ഥാനമൊട്ടാകെ വ്യാപിപ്പിച്ചു.<br>11. പുതിയ കണക്ഷനുവേണ്ടി ഉപഭോക്താക്കളിൽ നിന്നു ഓൺ ലൈൻ-ആയി അപേക്ഷകൾ സ്വീകരിക്കുവാനുള്ള സംവിധാനം നടപ്പിലാക്കി.<br>12. സ്മാർട്ട് (സേഫ്റ്റി മോണിറ്ററിംഗ് ആന്റ് ആക്സിഡന്റ് റിപ്പോർട്ടിംഗ് ടൂൾ) സോഫ്റ്റ്വയർ മുഖേന വൈദ്യുതി അപകടങ്ങൾ റിപ്പോർട്ട് ചെയ്യാനും സുരക്ഷാ ഉപകരണങ്ങളുടെ ലഭ്യതയും അവസ്ഥയും അതാത് ഓഫീസുകളിലും, ഉന്നത ഓഫീസുകളിലും വിലയിരുത്തി തുടർ നടപടി കൈക്കൊള്ളാനും അപകട സാദ്ധ്യതയുള്ള വൈദ്യുത പ്രതിഷ്ഠാപനങ്ങളെക്കുറിച്ച് ബോർഡിന്റെ സേഫ്റ്റി ഓഫീസർമാർക്ക് റിപ്പോർട്ട് ചെയ്ത് തുടർ നടപടിയ്ക്ക് ആരംഭം കുറിയ്ക്കാനുമുള്ള സംവിധാനം.<br>ലാഭേച്ഛയ്ക്കുപരിയായി സാമൂഹ്യ വികസനത്തിനുള്ള ഉപാധി എന്ന നിലയിൽ വൈദ്യുത മേഖലയെ കാണുന്നതിലാണ് സംസ്ഥാന വൈദ്യുതി കമ്പനിയായ കെ.എസ്.ഇ.ബി.ലിമിറ്റഡിനെ പൊതുമേഖലയിൽ തന്നെ നിലനിർത്താനാണ് പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്<br>കേന്ദ്ര ഊർജ്ജ മന്ത്രാലയം, രാജ്യത്തെ വിതരണ ലൈസൻസികളുടെ മാത്രം കാര്യക്ഷമത വിലയിരുത്തുന്നതിനുവേണ്ടി ഒരു സമഗ്ര 'റാങ്കിംഗ്' സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം ഒരു വിതരണ ലൈസൻസിയെന്ന നിലയിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് രാജ്യത്ത് 12-ാം സ്ഥാനത്താണ്.<br>[illegible] ഒറ്റകമ്പനിയായി നിലനിൽക്കുന്നതാണ് കേരളത്തിലെ സാഹചര്യത്തിൽ ഉത്തമമെന്നതിനാൽ കേന്ദ്ര നയങ്ങൾക്ക് വിരുദ്ധമായിട്ടാണെങ്കിലും കേരള |

| | |
|---|---|
| | സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനെ ഒറ്റ കമ്പനിയായി നിലനിർത്തുന്നത്. |
| | |

സെക്ഷൻ ഓഫീസർ